"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - 2023-24 ബജറ്റ് - തൃശ്ശൂർ ജില്ല -**'ചാവക്കാട് നഗരസഭ കാര്യാലയത്തിന് പുതിയ കെട്ടിട നിർമ്മാണം'** എന്ന പ്രവൃത്തി - - പുതുക്കിയ ഭരണാനുമതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി.ബി) വകുപ്പ്**

സ.ഉ.(സാധാ) നം.2566/2025/LSGD തീയതി,തിരുവനന്തപുരം, 24-10-2025

---

പരാമർശം:-
1. സ.ഉ.(സാധാ)നം. 45/2025/ത.സ്വ.ഭ.വ. തീയതി 04/01/2025
2. സ.ഉ.(അച്ചടി)നം. 48/2025/ധന തീയതി 11/04/2025
3. തദ്ദേശ സ്വയംഭരണ ചീഫ് എഞ്ചിനീയറുടെ 30/07/2025 ലെ LSGD/PD/3532/2024-DB7 നമ്പർ കത്ത്

**ഉത്തരവ്**

2023-2024 സാമ്പത്തിക വർഷത്തെ വിശദമായ ബജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II , മരാമത്തുപണികളുടെ വിശദവിവരങ്ങൾ വാല്യം II-ൽ ക്രമ നമ്പർ. 27 ആയി ഉൾപ്പെടുത്തിയ **'ചാവക്കാട് നഗരസഭ കാര്യാലയത്തിന് പുതിയ കെട്ടിട നിർമ്മാണം'** എന്ന പ്രവൃത്തിക്ക് DSoR 2018-ൽ തയ്യാറാക്കിയ എസ്റ്റിമേറ്റിന്മേൽ പരാമർശം (1) പ്രകാരം 5 കോടി രൂപയുടെ ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പരാമർശം (2) പ്രകാരം പുതുക്കിയ DSoR 2021 പ്രാബല്യത്തിൽ വന്നതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ 5.5 കോടി രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റിന്മേൽ **'ചാവക്കാട് നഗരസഭ കാര്യാലയത്തിന് പുതിയ കെട്ടിട നിർ മ്മാണം'** എന്ന പ്രവൃത്തിക്ക് പുതുക്കിയ ഭരണാനുമതി ലഭ്യമാക്കണമെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ പരാമർശം (3) പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2023-2024 സാമ്പത്തിക വർഷത്തെ വിശദമായ ബജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II, മരാമത്തുപണികളുടെ വിശദവിവരങ്ങൾ വാല്യം II-ൽ ക്രമ നമ്പർ. 27 ആയി **20%** വകയിരുത്തിയതുമായ തൃശ്ശൂർ ജില്ലയിലെ **'ചാവക്കാട് നഗരസഭ കാര്യാലയത്തിന് പുതിയ കെട്ടിട നിർമ്മാണം'** എന്ന പ്രവൃത്തിക്ക് DSoR 2021 പ്രകാരം തയ്യാറാക്കിയ പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം അധികമായി ആവശ്യമായി വരുന്ന 50 ലക്ഷം രൂപ കൂടി ഉൾപ്പെടുത്തി പരാമർശം (1) സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി 5,50,00,000/- രൂപയുടെ (അഞ്ച് കോടി അമ്പത് ലക്ഷം രൂപയ്ക്ക് മാത്രം) ചുവടെ ചേർക്കുന്ന വ്യവസ്ഥകൾക്ക് വിധേയമായി പുതുക്കിയ ഭരണാനുമതി നൽകിയും, ടി പ്രവൃത്തിക്കാവശ്യമായ ചെലവ് 4217-60-051-94(NP) എന്ന ശീർഷകത്തിൽ നിന്നും വഹിക്കുന്നതിന് അനുമതി നൽകിയും ഉത്തരവാകുന്നു:-

1. Explore the possibility of reducing the foundation cost by conducting soil investigation as well as foundation re design through a Government agency before issuing the TS.
2 CRZ sanction, if applicable, should be taken before issuing revised TS.
3. The TS Authority has to ensure the correctness and the various estimate provisions before issue of TS.
4. TS Authority to submit the TS estimate based on re-design of the building to Finance for concurrence before call of tenders .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
അഡിഷണൽ സെക്രട്ടറി

ഉത്തരവിൻ പ്രകാരം

Signed by
Smitha L
Date: 24-10-2025 22:29:44

സെക്ഷൻ ഓഫീസർ

1. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
2. ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്
3. സെക്രട്ടറി, ചാവക്കാട് നഗരസഭ, തൃശ്ശൂർ
4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് എ&ഇ) തിരുവനന്തപുരം
5. ധനകാര്യ (വികസന) വകുപ്പ് (2726358/DEV-3/40/2024-Fin തീയതി 10/10/2025)(എ.എസ്. നമ്പർ : AS/LGD/25/46977)
6. ചീഫ് മിഷൻ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
7. ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിങ്. ഐ & പി ആർ ഡി
8. കരുതൽ ഫയൽ (ഡി.ബി1/98/2024/എൽ.എസ്.ജി.ഡി)